LIBRARY ARCHIVES Kerala Legislative Assembly

സുകൃതം പദ്ധതി

33 (2584) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗജന്യ അർബുദരോഗ ചികിത്സാ പദ്ധതിയായ സുകൃതം പദ്ധതി എന്നുമുതലാണ് ആരംഭിച്ചത് ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലെ രോഗികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ;

(സി) പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഡി) ബി.പി.എൽ. വിഭാഗത്തിനുമാത്രമായി പദ്ധതി പരിമിതപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) സുകൃതം പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് സ്വരൂപിക്കുന്നതെങ്ങനെയാണ് ;

(എഫ്) ഇതിനോടകം എത്രപേർക്ക് ധനസഹായം നൽകുകയുണ്ടായി ;

(ജി) ഇതിനോടകം എത്ര രൂപ സ്വരൂപിക്കുകയുണ്ടായി ; എത്ര രൂപ ധനസഹായം നൽകുകയുണ്ടായി ; ഒരു രോഗിക്ക് പരമാവധി എത്ര രൂപയാണ് ധനസഹായമായി നൽകുന്നത് ?

ഉത്തരം

(എ) 2014 നവംബർ 1 മുതൽ.

(ബി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ സുകൃതം പദ്ധതി നടപ്പിലാക്കിയത്.

(സി) സ.ഉ. (ആർ റ്റി.) 3530/2014/ആ.കു.വ. തീയതി 29-10-2014 പ്രകാരം സുകൃതം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ബി.പി.എൽ., ആർ.എസ്.ബി.വൈ., CHIS കാർഡ് ഉടമകൾക്കായിരിക്കും ആദ്യഘട്ടത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കുക. തെരഞ്ഞെടുത്ത ആശുപത്രികളിൽ സുകൃതം കൗണ്ടറുകൾ

ആരംഭിക്കുന്നതിനും കോ-ഓർഡിനേറ്റർമാരെ താത്കാലികമായി നിയമിക്കുന്നതിനും രോഗികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ഫോർമാറ്റ് തയ്യാറാക്കുന്നതിനും കോർപ്പസ് ഫണ്ട് സ്വരൂപിക്കുന്നതിനും അത് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) ആദ്യഘട്ടങ്ങളിൽ ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്കാണ് ഇതുമൂലം പ്രയോജനം ലഭിക്കുക.

(ഇ) സിഗരറ്റ് ടാക്സിന്റെ അധിക വരുമാനം, ബിവറേജസ് കോർപ്പറേഷന്റെ ടാക്സിന്റെ ഒരു ശതമാനം, സംഭാവനകൾ എന്നിവ സ്വരൂപിച്ചാണ് ഇതിനായുള്ള ഫണ്ട് സമാഹരിക്കുന്നത്. RSBY, CHIS, CHIS Plus, താലോലം, RBSK ആരോഗ്യകിരണം തുടങ്ങിയ ഫണ്ടുകൾ വിനിയോഗിച്ച ശേഷമാകും സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുന്നത്.

(എഫ്) ഇതുവരെയുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജി) സുകൃതം പദ്ധതിക്കായി ആർ.സി.സി.-ക്ക് 12 കോടി രൂപ, മലബാർ കാൻസർ സെന്ററിന് 5 കോടി രൂപ, അഞ്ച് മെഡിക്കൽ കോളേജുകൾക്ക് 2 കോടി രൂപവീതം, എറണാകുളം ജനറൽ ആശുപത്രിക്ക് 3 കോടി രൂപ എന്നിങ്ങനെ കോർപ്പസ് ഫണ്ടായി നൽകിയിട്ടുണ്ട്. പരമാവധി മൂന്ന് ലക്ഷം രൂപയാണ് ഒരു രോഗിക്ക് ലഭിക്കുന്നത്. മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ ധനസഹായം ആവശ്യമാണെങ്കിൽ കേരള കാൻസർ കെയർ സൊസൈറ്റിയുടെ അംഗീകാരം ആവശ്യമാണ്.

പാലിയം ഇന്ത്യയുടെ സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ

34 (2585) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലിയം ഇന്ത്യ എന്ന സന്നദ്ധ സംഘടന സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത് ;

(ബി) തിരുവനന്തപുരം പുലയനാർകോട്ട ആശുപത്രി കാമ്പസിൽ സാന്ത്വന ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിന് പാലിയം-ഇന്ത്യ എന്ന സംഘടന സ്ഥല സൗകര്യം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly